## ഖുതുബയിൽ ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ

ഖുതുബയിൽ അല്ലാഹുവിന്നുള്ള സ്തുതിയും നബി(സ)യെ സംബന്ധിച്ചുള്ള പ്രശംസയും സദുപദേശവും ഖുർആൻ പാരായണവും ഉണ്ടായിരിക്കേണ്ടത് സുന്നത്താകുന്നു.

كُلُّ كَلاَمٍ لاَ يَبْدَأُ فِيهِ بِالْحَمْدِ الله فَهُوَ اَجْذَمُ*

(അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടാരംഭിക്കാത്ത സംസാരം മുഴുവനും ഗുണശൂന്യമത്രെ)* എന്നു നബി(സ) പറഞ്ഞതായി അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. (رواه ابوداود احمد بمعناه

"ശഹാദത്തില്ലാത്ത** ഖുതുബ കുഷ്ഠം പിടിച്ച കൈപോലെയാണ്" എന്നും മറ്റൊരു നബിവചനത്തിൽ കാണാം. (അഹ്മദ്, അബൂദാവൂദ്, തിർമിദി)

നബി(സ) ശഹാദത്ത് ചൊല്ലുമ്പോൾ ഇങ്ങനെ പറഞ്ഞിരുന്നതായി ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു:

اَلْحَمْدُ لِلَّهِ نَسْتَعِينُهُ وَنَسْتَغْفِرُهْ وَنَعُوذُ بِاللهِ مِنْ شُرُورِ اَنْفُسِنَا مَنْ يَهْدِ اللهُ فَلاَ مُضِلَّ لَهُ وَمَنْ يُضْلِلْ فَلاَ هَادِىَ لَهُ وَاَشْهَدُ اَنْ لاَ اِلَهَ اِلاَّ اللهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ اَرْسَلَهُ بَالْحَقِّ بَشِيرًا بَيْنَ يَدَىِ السَّاعَةِ مَنْ يُطِعِ اللهَ تَعَالَى وَرَسُولَهُ فَقَدْ رَشَدَ وَمَنْ يَعْصِهِمَا فَاِنَّهُ لاَ يَضُرُّ اِلاَّ نَفْسَهُ وَلاَ يُضِرُ اللهَ تَعَالَى شَيْئًا

(സർവസ്തോത്രവും അല്ലാഹുവിന്. അവനോട് നാം സഹായമർഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. സ്വദേഹങ്ങളുടെ ദൂഷ്യങ്ങളിൽനിന്നും അല്ലാഹുവിനോടു നാം അഭയം തേടുന്നു. അല്ലാഹു ആരെ സന്മാർഗത്തിലാക്കുന്നുവോ അവനെ പിഴപ്പിക്കാനാരുമില്ല. അവൻ പിഴപ്പിച്ചവനെ സന്മാർഗത്തിലാക്കാനും ആരുമില്ല. അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ അടിയാനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. അന്ത്യദിനത്തിന്റെ മുമ്പിൽ സന്തോഷവാർത്തയറിയിക്കുന്നവനായി സത്യവുംകൊണ്ട് ആ ദൂതനെ അവൻ അയച്ചിരിക്കുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചവരാരോ അവർ സൻമാർഗത്തിലായി. ആർ അവർക്കെതിർ പ്രവർത്തിച്ചുവോ അവൻ സ്വദേഹത്തെത്തന്നെയാണ് ഉപദ്രവിക്കുന്നത്. അല്ലാഹുവിന്ന് ഒരുപദ്രവവും അവൻ ഏല്പിക്കുകയില്ല.

اشهد ان لا اله الا الله واشهد ان محمد رسول الله

"ആർ അവർക്കെതിരെ പ്രവർത്തിച്ചുവോ അവൻ പിഴച്ചുപോയി" എന്നാണ് ഇബ്നുശിഹാബിന്റെ റിപ്പോർട്ടിലുള്ളത്. (അബൂദാവൂദ്)

"റസൂൽ(സ) നിന്നുകൊണ്ട് ഖുതുബ നിർവഹിക്കുകയും രണ്ട് ഖുതുബകൾക്കിടയിൽ ഇരിക്കുകയും കുറച്ചു ആയത്തുകൾ ഓതുകയും ജനങ്ങൾക്ക് ഉദ്ബോധനം നല്കുകയും ചെയ്യുക പതിവായിരുന്നു" എന്ന് ജാബിറുബ്നു സമുറഃ(റ) നിവേദനം ചെയ്യുന്നു.

(رواه الجماعة الا البخارى والترمذى)

"തിരുമേനി ഉപദേശം നീട്ടാറില്ലെന്നും അത് അല്പം ചില വാക്കുകൾ മാത്രമായിരുന്നു" എന്നും അദ്ദേഹം തന്നെ നിവേദനം ചെയ്ത മറ്റൊരു ഹദീസിൽ കാണാം. (അബൂദാവൂദ്)

'ഖാഫ് വൽ ഖുർആനിൽ മജീദ്' എന്ന അധ്യായം നബി(സ)യുടെ നാവിൽനിന്നാണ് ഞാൻ പഠിച്ചതെന്നും അവടന്ന് എല്ലാ ജുമുഅഃക്കും ജനങ്ങളോട് പ്രസംഗിക്കുമ്പോൾ അത് ഓതാറുണ്ടായിരുന്നുവെന്നും ഹാരിസിയുടെ മകൾ ഉമ്മുഹിശാം(റ) നിവേദനം ചെയ്യുന്നു. (അഹ്മദ്, മുസ്ലിം, നസാഇ, അബൂദാവൂദ്)

"ونادوا يا مالك"(അവർ [നരകവാസികൾ] മാലിക്കിനെ വിളിക്കും) എന്ന ഖുർആൻ വചനം തിരുമേനി മിമ്പറിൽവെച്ച് ഓതുന്നതായി ഞാൻ കേട്ടിട്ടുണ്ടെന്ന് യഅ്ലബ്നു ഉമയ്യ(റ) നിവേദനം ചെയ്യുന്നു. (ബുഖാരി, മുസ്ലിം)

റസൂൽ(സ) ജുമുഅഃ ദിനത്തിൽ അല്ലാഹുവിന്റെ ശിക്ഷാദിനങ്ങളെക്കുറിച്ച് ഓർമപ്പെടുത്താനായി നിന്നുകൊണ്ട് 'തബാറക്ക് എന്ന അധ്യായം പാരായണം ചെയ്തതായി ഉബയ്യി(റ)ൽനിന്ന് ഇബ്നുമാജ ഉദ്ധരിച്ച ഹദീസിൽ കാണാം.

റൗദത്തുന്നദിയ്യയിൽ പറയുന്നത് കാണുക: "നബി(സ) സാധാരണ ചെയ്യാറുള്ളതുപോലെ ജനങ്ങളെ (സൽക്കർമങ്ങൾക്ക് പ്രേരിപ്പിക്കുകയും (ശിക്ഷയെക്കുറിച്ച്) ഭയപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇസ്ലാമിക ശരീഅത്തിലുള്ള ഖുതുബയെന്ന് ഗ്രഹിക്കേണ്ടതാണ്. യഥാർഥത്തിൽ അതാണ് ഖുതുബയുടെ ആത്മാവ്. ഖുതുബ നിയമമാക്കിയതും അതിന്നുതന്നെ. എന്നാൽ അല്ലാഹുവിനെ സ്തുതിക്കുന്നതും റസൂലിന്റെ മേൽ സ്വലാത്ത് ചൊല്ലുന്നതും അല്പം ഖുർആൻ ഓതുന്നതുമെല്ലാം ഖുതുബയുടെ നിബന്ധനകളാണെന്ന വാദമെല്ലാം ഖുതുബ നിയമമാക്കിയതിന്റെ പ്രധാന ലക്ഷ്യത്തിനു പുറത്തുള്ള കാര്യങ്ങളാണ്. നബി(സ)യുടെ ഖുതുബയിൽ അത്തരം കാര്യങ്ങൾ ഉണ്ടായിരുന്നുവെന്നത്, അവ ഖുതുബയുടെ അനിവാര്യമായ ലക്ഷ്യമോ നിർബന്ധ ഉപാധിയോ ആണെന്നതിന് തെളിവാകുന്നില്ല. ഖുതുബയുടെ പ്രാധാന ലക്ഷ്യം ഉപദേശമാണെന്നും അതിനു മുമ്പുള്ള ഹംദും സ്വാലാത്തും മറ്റുമല്ലെന്നുമുള്ള വിഷയത്തിൽ നിഷ്പക്ഷനായ ഒരാൾക്കും സംശയമുണ്ടാകാൻ അവകാശമില്ല. ഒരാൾ ഒരുസ്ഥലത്ത് നിന്നുകൊണ്ട് എന്തെങ്കിലും കാര്യം പറയാൻ ഉദ്ദേശിക്കുമ്പോൾ ആദ്യമായി അല്ലാഹുവിനെ സ്തുതിക്കുകയും റസൂലിനെ പുകഴ്ത്തുകയും ചെയ്യുകയെന്നത് അറബികളുടെ സ്ഥിരം സമ്പ്രദായമായിരുന്നു. അത് വളരെ നല്ലതും അനുയോജ്യവും തന്നെ. പക്ഷേ ലക്ഷ്യം അതല്ല, അതിനു ശേഷമുള്ളതാണെന്നു വ്യക്തം. ഒരാൾ ഒരു സദസ്സിൽ പ്രസംഗിക്കാൻ എഴുന്നേറ്റുനിന്നു. പക്ഷേ ഹംദും സ്വലാത്തും ചൊല്ലുകയല്ലാതെ മറ്റൊരുദ്ദേശ്യവും അയാൾക്കില്ലെന്നു വാദിച്ചാൽ അതൊരിക്കലും സ്വീകാര്യമല്ല. ശുദ്ധ പ്രകൃതിയുള്ള ഏതൊരാളും പ്രസ്തുത വാദം അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യും. ഇതാണ് യാഥാർഥ്യമെന്നു വരുമ്പോൾ ജുമുഅഃ ഖുതുബയിലുള്ള സദുപദേശമാണ് അതിന്റെ പ്രധാന ഭാഗമെന്നും മറ്റുള്ളതെല്ലാം അതിന്നുവേണ്ടിയാണെന്നും, അത് നിർവഹിച്ചാൽ പ്രസംഗകൻ ഇസ്ലാമിന്റെ കല്പന പാലിച്ചുവെന്നും മനസ്സിലാക്കാവുന്നതാണ്. അയാൾ ആദ്യമായി അല്ലാഹുവിനെ സ്തുതിക്കുകയും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുകയും തുടർന്നുള്ള ഉപദേശത്തിൽ ഖുർആനിലെ ശക്തമായ ഉപദേശ-നിർദേശങ്ങൾ കേൾപ്പിക്കുകയും ചെയ്താൽ അത് ഖുതുബയുടെ ഏറ്റവും മെച്ചപ്പെട്ട പൂർണരൂപമായി.''